ഉത്തരം

(എ) ധർമ്മടം ഗ്രാമപഞ്ചായത്തിൽ കിറ്റ്സിന് നിർമ്മിക്കുന്ന കെട്ടിടത്തിന്റെ നിർമ്മാണം 25% പൂർത്തിയായിട്ടുണ്ട്.

(ബി) CRZ ക്ലിയറൻസ് ആവശ്യമായി വന്നതിനാൽ, ക്ലിയറൻസ് ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) പരിഗണിക്കുന്നതാണ്.

ആപ്പാഞ്ചിറ കനാൽ ടൂറിസം

268 (3705) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ ആപ്പാഞ്ചിറ കനാൽ ടൂറിസം പദ്ധതി സംബന്ധിച്ച ഫയൽ ഇപ്പോൾ നിലവിലുണ്ടോ ; എങ്കിൽ ഫയൽ നമ്പർ ലഭ്യമാക്കാമോ ; ഇക്കാര്യം സംബന്ധിച്ച് 18-3-2015-ൽ നൽകിയ നിവേദനത്തിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ ;

(ബി) പ്രസ്തുത ഫയൽ ഇപ്പോൾ ആരുടെ പരിഗണനയിലാണെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ&ബി) ആപ്പാഞ്ചിറ കനാൽ ടൂറിസം പദ്ധതിയ്ക്ക് 21-5-2015-ലെ G.O.(Rt) No.180/2015/TSM പ്രകാരം 50 ലക്ഷം രൂപയുടെ ഭരണാനുമതി നല്കിയിട്ടുണ്ട്. കോട്ടയം ഡിറ്റിപിസി മുഖേന കോട്ടയം ഇറിഗേഷൻ ഡിവിഷൻ മുഖാന്തരം ഈ പദ്ധതി പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

കാലടിയിൽ ടൂറിസം വകുപ്പ് നിർമ്മിച്ച കെട്ടിടം

269 (3706) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അങ്കമാലി നിയോജകമണ്ഡലത്തിലെ കാലടിയിൽ ഇൻഫർമേഷൻ സെന്ററിന്റെ പ്രവർത്തനത്തിനായി ടൂറിസം വകുപ്പ് നിർമ്മിച്ച കെട്ടിടത്തിന്റെ രണ്ടാം നിലയിൽ താൽക്കാലികാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന പഞ്ചായത്ത് ഓഫീസ് പ്രസ്തുത കെട്ടിടത്തിൽ നിന്നും മാറ്റുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly